പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 70 — 14-10-2026-ൽ മറുപടിയ്ക്ക്

## <u>വന്യജീവി ആക്രമണം</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. കെ. കെ. വത്സരാജ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനവാസ മേഖലയിൽ നിരന്തരമുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ വിലപ്പെട്ട മനുഷ്യ ജീവനുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിലും സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടാകുന്നില്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** കേരളത്തിന്റെ വനമേഖലയിലെ വന്യമൃഗ വാഹക ശേഷി സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട് . ഇതിലേക്കായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട് .

**(സി)** മനുഷ്യ-വന്യജീവി സംഘർഷങ്ങളെ ലഘൂകരിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ മുൻ സർക്കാർ പാസാക്കിയ വനം-വന്യജീവി സംരക്ഷണ ബില്ലിന്മേൽ നിലവിലെ സർക്കാർ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** കേരള നിയമസഭ 2025-ൽ പാസാക്കിയ വന്യജീവി (സംരക്ഷണം) കേരള ഭേദഗതി ബിൽ 2025 നിലവിൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതാണ് .

**(ഡി)** വന്യജീവി ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്കും അവരുടെ ആശ്രിതർക്കും അർഹവും നീതിയുക്തവുമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർദ്ധിപ്പിക്കുന്നതിനും, അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% വർദ്ധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

**സെക്ഷൻ ഓഫീസർ**